Hostel building, the hostel having been temporarily closed for want of sufficient number of boarders.

(c) The ground available is considered inadequate. Accordingly steps are afoot to acquire a field extensive enough for the purpose.

**Mr. P. Kumaran Ezhuthassan** *(Vadakkancheri)*: May I know, Sir, what progress has been made in the steps that are afoot mentioned in answer (c)?

**Rao Sahib K. Ayyappan** *(Minister for Public Works)*: I have not the exact information.

**Mr. P. Kumaran Ezhuthassan** *(Vadakkancheri)*: Will the Government be pleased to see that this absolutely necessary play-ground is made ready for the use and occupation by the next academic year?

**Rao Sahib K. Ayyappan** *(Minister for Public Works)*: Most probably.

**Mr. P. Kumaran Ezhuthassan** *(Vadakkancheri)*: Can it not be done because we have got a few months more and you have got a special officer for acquisition. In the light of that, it is that I ask whether this play-ground could not be made available for use by the next academic year, eight months hence?

**Rao Sahib K. Ayyappan** *(Minister for Public Works)*: I think it will be possible.

## REPORTS OF HONORARY VISITORS IN HOSPITALS

ക ഠ ഭ. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ആശുപത്രികളിലെ ഓണററി വിസിറ്റർമാർ യോഗം കൂടുമ്പോൾ എഴുതാറുള്ള പ്രമേയങ്ങളുടെ ഒരു പ്രതി അപ്പോഴപ്പോൾ ഗവൺമെണ്ടിലേക്കു് അയക്കാറില്ലേ;

(ബി) അങ്ങനെ അയച്ചുകിട്ടുന്ന പ്രമേയങ്ങൾക്കു് ഗവൺമെണ്ടു് മറുപടി അയക്കുന്ന പതിവുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടു്;

(ഡി) ഇത്രകാലത്തിനുള്ളിലെ മറുപടി അയക്കാവു എന്നു വല്ല വ്യവസ്ഥയുമുണ്ടോ;

(ഇ) അയ്യമ്പിള്ളി ഡിസ്പെൻസറിയിൽ ഓണററിവിസിറ്റർമാരുടെ ഒരു യോഗം കഴിഞ്ഞ ഓഗസ്റ്റു മാസം കൂടിയതായി വല്ല അറിവും ഗവൺമെണ്ടിനു് ലഭിച്ചിട്ടുണ്ടോ;

(എഫ്) അന്നേദിവസം അവിടെ പാസാക്കിയ യോഗത്തിന്റെ ഒരു റിപ്പോർട്ടു പ്രമേയസഹിതം ഗവൺമെണ്ടിലേക്കു് അയച്ചുതന്നിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ എന്നാണു് അയച്ചിട്ടിയതു്;

(എച്ച്) അതിനു് അവക്ക എന്നു്, എന്തുമറുപടിയാണു് അയച്ചതു്;

(ഐ) മറുപടി ഇതേവരെ അയച്ചില്ലെങ്കിൽ എന്തുകൊണ്ടാണു് മറുപടി അയക്കുന്നതു് മുറയ്ക്കെങ്കിലും ഗവൺമെണ്ടു് സ്വീകരിക്കാത്തതു്?

റാവു ബഹദൂർ ടി. കെ. നായർ: (എ) ഉവ്വു്.

(ബി) ഓണററിവിസിറ്റർമാർക്കു മറുപടി അയക്കാറില്ല.

(സി) വേണ്ടുന്ന കാര്യങ്ങളിൽ ഗവൺമെണ്ടു നടപടി എടുക്കുകയെന്നല്ലാതെ മറുപടി കൊടുക്കുന്നപതിവില്ല.

(ഡി) ഉത്തരവാദമില്ല.

(ഇ) ഉവ്വു്.

(എഫ്) ഉവ്വു്.

(ജി) കഴിഞ്ഞ ജൂൺ മാസം.
കഴിഞ്ഞ മിഥുനം ഒന്നാംതീയതി.

(എച്ചു് & ഐ) സന്ദർശകന്മാരുടെ റിമാർക്കിനു മറുപടി അയക്കാറില്ല.

മിസ്റ്റർ കെ. എ. രാഘവൻ: സാധാരണ സന്ദർശകന്മാർ യോഗംകൂടുമ്പോൾ അതിന്റെ റിപ്പോർട്ടു ഗവൺമെണ്ടിലേക്കു് അയക്കേണ്ട ബാദ്ധ്യത ആക്കാണു്?

റാവുബഹദൂർ ടി. കെ. നായർ: അവിടത്തെ ഡോക്ടർക്കു്.

മിസ്റ്റർ കെ. എ. രാഘവൻ: അഭിപ്രായത്തിനുപോലും ഒരു മറുപടിഅയക്കാറില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

റാവു ബഹദൂർ ടി. കെ. നായർ : ഓണറി വിസിറ്റർമാർ വിസിറ്റചെയ്താൽ അതിനെ സംബന്ധിച്ചു റിപ്പോർട്ട് അവിടത്തെ ഡോക്ടർ, സി. എം. ഒ. വിനു് അയക്കും. അദ്ദേഹം അതുനോക്കി അദ്ദേഹത്തിന്റെ റിമാർക്കു് സഹിതം ഗവണ്മെണ്ടിലേക്കയക്കും. അതിൽ എന്തെങ്കിലും മേൽനടപടി വേണമെങ്കിൽ അതു ഗവണ്മെണ്ടു് എടുക്കും.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഓണറി വിസിറ്റർമാർ വിസിറ്റചെയ്യുമ്പോൾ അവർ വിസിറ്റിങ്ങു് ബുക്കിലെഴുതുന്ന സജഷൻസിന്റെ കോപ്പി ഗവണ്മെണ്ടിലേക്കു് അയച്ചാൽ അതിനു മറുപടി അയച്ചുകൊടുക്കുവാൻ വിരോധമുണ്ടോ ?

റാവു ബഹദൂർ ടി. കെ. നായർ : അയച്ചുകൊടുക്കുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ : ഓണറി സന്ദർശകന്മാരുടെ റിമാർക്സിനെപ്പറ്റി ഗവണ്മെണ്ടു് എന്തെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അതു് എങ്ങിനെയാണു് ജനങ്ങൾ അറിയുക ?

റാവു ബഹദൂർ ടി. കെ. നായർ : അങ്ങിനെയുള്ളതെല്ലാം ഗസറ്റിൽ പ്രസിദ്ധംചെയ്യും.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു് : ഓണറി സന്ദർശകന്മാർ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളിൽ എന്തെങ്കിലും ഗവണ്മെണ്ടു സ്വീകരിക്കാറുണ്ടോ ?

റാവു ബഹദൂർ ടി. കെ. നായർ : വളരെ, വളരെ കാര്യങ്ങൾ സ്വീകരിച്ചിട്ടുണ്ടു്. പിന്നെ റിമാർക്കു് ബുക്കിൽ ബെഡ്ഡ്കം പോരാ, സ്ഥലം പോരാ എന്നും മറ്റും പറഞ്ഞിട്ടുണ്ടായിരിക്കും. അതു് അത്യാവശ്യവുമായിരിക്കും. പക്ഷെ, അതു നടത്തുവാൻ ഗവണ്മെണ്ടിനെക്കൊണ്ടു സാധിച്ചില്ലായെന്നല്ലാതെ, അതർഹിക്കുന്ന വില അതിന്നില്ലാതില്ല.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു് : തൃശ്ശിവപേരൂർ ആസ്പത്രിയിൽ ഫ്ലൂമ-ൽ ഒരു ഷാഡോലൈറ്റു് വരുത്തിട്ടുണ്ടു്. അതു് ഇതുവരെ കത്തിച്ചിട്ടില്ല. അതു കത്തിക്കണമെന്നു് സന്ദർശകന്മാർ ആവശ്യപ്പെട്ടിട്ടും ഇതുവരെ ചെയ്തിട്ടില്ല.

റാവു ബഹദൂർ ടി. കെ. നായർ : ഞാൻ ഇതു വാസ്തവത്തിൽ കേട്ടിട്ടില്ല. ഇപ്പോൾ മാത്രമാണു് ഇതു കേൾക്കുന്നതു്. ഇതിനെപ്പറ്റി അന്വേഷണം നടത്തുകയും ചെയ്യാം.

മിസ്റ്റർ ജോസു് കെ. വട്ടീസു് : ഈവക കാര്യങ്ങൾക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഉടനെ വരണമെന്നു സന്ദർശകന്മാർ ആവശ്യപ്പെട്ടിട്ടില്ലേ ?

റാവു ബഹദൂർ ടി. കെ. നായർ : ഉവ്വു്. പക്ഷെ മന്ത്രി സ്വന്തമായി വിചാരിച്ചാൽ സാദ്ധ്യമല്ലാത്ത ഒരു കാര്യം വന്നതുകൊണ്ടു പോകാൻ സാധിച്ചില്ല. അതിനടുത്തദിവസം ഞാൻ ആസ്പത്രി വിസിറ്റചെയ്തിട്ടുണ്ടു്. ഇനി എല്ലാസന്ദർശകന്മാർക്കും അറിവുകൊടുത്തിട്ടു് വിസിറ്റചെയ്യുവാൻ തീർച്ചയാക്കീട്ടുണ്ടു്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു് : നെമ്മാറ ആസ്പത്രിയിലെ Visitors ബുക്കിൽ ഇവാൻ Sir George Boag അവിടെ സന്ദർശിച്ചപ്പോൾ എന്തെങ്കിലും അഭിപ്രായം രേഖപ്പെടുത്തിയതായി ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞിട്ടുണ്ടോ ?

റാവു ബഹദൂർ ടി. കെ. നായർ : അറിവുകിട്ടിട്ടുണ്ടായിരിക്കണം. അതു് എന്താണെന്നു് അറിഞ്ഞുകൂടാ.

മിസ്റ്റർ. കെ. എ. രാഘവൻ : സന്ദർശകന്മാരുടെ അഭിപ്രായങ്ങൾക്കു ഗവണ്മെണ്ടു് എതു നടപടിയാണു് എടുക്കുന്നതെന്നുള്ളതു് അവരെ അറിയിക്കുന്നതു കാര്യക്ഷമമായിരിക്കുകയില്ലേ ?

റാവു ബഹദൂർ ടി. കെ. നായർ : സന്ദർശകന്മാർ രേഖപ്പെടുത്തുന്ന അഭിപ്രായങ്ങളിന്മേൽ ഗവണ്മെണ്ടു് എടുക്കുന്ന നടപടികളുടെ ഒരു കോപ്പി റിമാർക്കു് ബുക്കിൽ ഒട്ടിക്കുകയാണു് പതിവു്. ഓർഡർ പാസ്സാക്കീട്ടില്ലെങ്കിൽ അതിനെ സംബന്ധിച്ചൊന്നും കാണുകയുമില്ല.

**Mr. P. Kumaran Ezhuthassan** *(Vadakkancheri):* May I know, Sir, that this arrangement of pasting paper mentioned by the Hon'ble Minister is being observed ?

**Rao Bahadhur T. K. Nayar** *(Minister for Public Health):* My impression is that this is being done now. If it is not being done I will see that this is done.

**Mr. P. Kumaran Ezhuthassan** *(Vadakkancheri):* Thank you, Sir.

LIBRARY ARCHIVES Kerala Legislative Assembly